# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 7056** **11.07.2014 ൽ മറുപടിക്ക്**

## പഞ്ചായത്ത് /നഗരസഭ അധീനതയിലുള്ള സ്കൂളുകളിലെ പി.ടി.സി.എം നിയമനം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. കെ.രാജു | | ശ്രീ.പി.കെ.അബ്ദു റബ്ബ് ( വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| (എ) സർക്കാർ ഏറ്റെടുത്തിട്ടുള്ള പഞ്ചായത്ത്/നഗരസഭ അധീനതയിലുള്ള സ്കൂളുകളിലെ പി.ടി.സി.എം നിയമനം നടത്തുന്നത് ആരാണെന്ന് വ്യക്തമാക്കുമോ; | (എ), (ബി), (സി), (ഡി) & (ഇ) | പഞ്ചായത്ത് / മുനിസിപ്പൽ എൽ.പി/യു.പി സ്കൂളുകൾ 02.01.2010 ൽ സർക്കാർ ഏറ്റെടുക്കുമ്പോൾ ടി സ്കൂളുകളിൽ അംഗീകൃത പി.ടി.സി.എം തസ്തികകൾ ഇല്ലായിരുന്നു. ഇങ്ങനെ ഏറ്റെടുത്ത 78 സ്കൂളുകളിൽ 19 എണ്ണത്തിൽ പഞ്ചായത്ത് കമ്മിറ്റി/ മുൻസിപ്പൽ കൗൺസിലുകൾ നിയമിച്ചവരും സർക്കാർ അംഗീകരിച്ചിട്ടില്ലാത്തവരുമായ പി.ടി.സി.എം ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിനായി, ടി ജീവനക്കാർ വിരമിക്കുമ്പോൾ/ മരണപ്പെടുമ്പോൾ ടി തസ്തികകൾ നിർത്തലാക്കപ്പെടുമെന്ന വ്യവസ്ഥയിൽ 19 പി.ടി.സി.എം തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. പുനലൂർ വിദ്യാഭ്യാസ ജില്ലയിലെ തൊളിക്കോട് ഉൾപ്പെടെയുള്ള ബാക്കി സ്കൂളുകളിൽ പി.ടി.സി.എം തസ്തികകൾ സൃഷ്ടിച്ചിട്ടില്ല. ഏറ്റെടുത്ത സ്കൂളുകളിൽ ആദായകരമല്ലാത്തതും മതിയായ മിനിമം എണ്ണം വിദ്യാർത്ഥികൾ ഇല്ലാത്തതുമായ സ്കൂളുകളിൽ പി.ടി.സി.എം തസ്തികകൾ സൃഷ്ടിക്കേണ്ടതില്ലെന്ന് തീരുമാനിച്ചിട്ടുണ്ട്. |
| (ബി) പ്രസ്തുത സ്കൂളുകളിൽ പി.ടി.സി.എം ഒഴിവുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ള സ്കൂളുകൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ; | | |
| (സി) പുനലൂർ നഗരസഭയിലെ തൊളിക്കോട് എൽ.പി.സ്കൂളിൽ ഇപ്പോൾ പി.ടി.സി.എം തസ്തികയിൽ ആരെങ്കിലും ജോലി ചെയ്യുന്നുണ്ടോ; | | |
| (ഡി) സ്റ്റാഫ് ഫിക്സേഷനിൽ ടി സ്കൂളിൽ പി.ടി.സി.എം തസ്തിക നിർണ്ണയിച്ച് നൽകിയിട്ടുണ്ടോ; | | |
| (ഇ) ഇല്ലെങ്കിൽ ടി സ്കൂളിൽ അടിയന്തിരമായി പി.ടി.സി.എം നെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ